**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6663** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഫുൾടൈം മീനിയൽ നിയമന അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ കങ്ങഴ മുസ്ലീം ഹയർസെക്കൻഡറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ ലീവ് വേക്കൻസിയിൽ ഫുൾടൈം മീനിയൽ ആയി നിയമിക്കപ്പെട്ട അബ്ദുൽ ബാസിത്ത് എന്നയാളുടെ നിയമനം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് ഇക്കാര്യത്തിലുള്ള തടസ്സം എന്ന് അറിയിക്കുമോ; | (എ) | ശ്രീ. അബ്ദുൾ ബാസിത്തിന്റെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ല. കങ്ങഴ മുസ്ലീം ഹൈസ്കൂളിലെ എഫ്.ടി.എം. തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ആസിഫ് മുഹമ്മദ് 01/05/2021 മുതൽ 31/03/2023 വരെ ശൂന്യവേതന അവധി എടുത്ത ഒഴിവിലാണ് മാനേജർ ശ്രീ.അബ്ദുൾ ബാസിത്തിന് നിയമനം നൽകിയത്. ടി നിയമനം മാതൃജീവനക്കാരന് ലീവ് അനുവദിച്ച ഉത്തരവിന്റെ പകർപ്പ് സമർപ്പിച്ചിട്ടില്ല, ഡിഗ്രി യോഗ്യത നേടിയിട്ടില്ല എന്ന ഉദ്യോഗാർത്ഥിയുടെ സത്യപ്രസ്താവന സമർപ്പിച്ചിട്ടില്ല, കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(4) പ്രകാരം ഒരു വർഷത്തിൽ അധികമുള്ള അവധി ഒഴിവുകളിൽ സംരക്ഷിത അദ്ധ്യാപകരെയാണ് നിയമിക്കേണ്ടത് എന്നീ കാരണങ്ങളാൽ കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ഓഫീസറും, കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടറും നിരസിച്ചു. |
| (ബി) | ഇത് സംബന്ധമായി ഡി.ഇ.ഒ. കാഞ്ഞിരപ്പള്ളി, ഡി.ഡി. കോട്ടയം, ഡി.ജി.ഇ. (235474/22) എന്നിവിടങ്ങളിൽ ഉള്ള ഫയലുകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ; | (ബി) | കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ചതിനെതിരെ മാനേജർ കോട്ടയം വിദ്യാഭ്യാസ ഓഫീസിൽ നൽകിയിരുന്ന അപ്പീൽ നിരസിച്ചു. മാനേജർ സമർപ്പിച്ചിരുന്ന റിവിഷൻ അപ്പീൽ (235474/22) കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച കാരണങ്ങൾ നിയമപരമായി നിലനിൽക്കുന്നവയായതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചു. |
| (സി) | പ്രസ്തുത നിയമനത്തിന് തടസ്സം ഉണ്ടെങ്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ (ഡെയിലി വേജസ്) വേതനം നൽകുന്ന കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ശ്രീ.അബ്ദുൾ ബാസിത്തിന് ദിവസ വേതനാടിസ്ഥാനത്തിൽ വേതനം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |
| (ഡി) | മറ്റ് തടസ്സങ്ങൾ ഒന്നുമില്ലെങ്കിൽ ടിയാന്റെ നിയമനം അംഗീകരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും അല്ലാത്തപക്ഷം ദിവസ | (ഡി) | നിയമനം അംഗീകരിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. സംരക്ഷിത ജീവനക്കാരെ നിയമിക്കേണ്ട തസ്തികകളിൽ, സംരക്ഷിത ജീവനക്കാരെ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ |

| | | | |
|---|---|---|---|
| | വേതനം അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ; | | മാനേജർ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നൽകേണ്ടതും, അത്തരത്തിലുള്ള ജീവനക്കാരെ ലഭ്യമല്ലെങ്കിൽ, ദിവസ വേതനാടിസ്ഥാനത്തിലുള്ള നിയമനം നടത്തുന്നതിനുള്ള അനുമതി മാനേജർ കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ പക്കൽ നിന്നും വാങ്ങേണ്ടതുമാണ്. മാനേജർ മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഇ) | നിയമനം അംഗീകരിച്ചാൽ പ്രസ്തുത വ്യക്തിക്ക് തുടർന്ന് വരുന്ന ഏതെല്ലാം തസ്തികകളിൽ ക്ലെയിം ഉണ്ടാവും എന്ന കാര്യം കൂടി വ്യക്തമാക്കുമോ? | (ഇ) | നിശ്ചിത യോഗ്യതകൾ പരിഗണിച്ച് ഓഫീസ് അറ്റൻഡന്റ്, ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടാവും. |

സെക്ഷൻ ഓഫീസർ